**അറിയിപ്പ്**

പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭരണഘടനാ പദവിയെ സംബന്ധിച്ച പരാമർശം

മി. സ്പീക്കർ : ഇന്നലെ 2017- ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ പരിഗണനാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗം നടത്തുന്നതിനിടയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭരണഘടനാ പദവിയെ സംബന്ധിച്ച് ചെയറിൽനിന്നുണ്ടായ ഒരു പരാമർശത്തെ വ്യാഖ്യാനിച്ചുകൊണ്ട് പി.എസ്.സി. നിയമസഭയുടെയും ഗവൺമെന്റിന്റെയും മുകളിലാണെന്ന് ചെയർ അഭിപ്രായപ്പെട്ടതായി ശ്രീ. പി. സി. ജോർജ് തന്റെ പ്രസംഗമദ്ധ്യേ ആരോപിക്കുകയുണ്ടായി. ഇത് അങ്ങേയറ്റം ഖേദകരമാണെന്ന് ചെയർ അറിയിക്കുന്നു. ഇക്കാര്യത്തിൽ ചെയറിൽനിന്നുമുണ്ടായ പരാമർശം വളരെ വ്യക്തമായിരുന്നു. ഭരണഘടനാ സ്ഥാപനങ്ങൾക്ക് സാധ്യതയുണ്ട്, പരിമിതിയുമുണ്ട്. പി.എസ്.സി.-യുടെ പ്രവർത്തനത്തെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്നും ഉയർന്നുവന്ന വേളയിൽ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ സ്വതന്ത്ര പദവിയെക്കുറിച്ച് സൂചിപ്പിക്കുക

മാത്രമാണ് ചെയർ ചെയ്തത്. നിയമസഭയുടെയും ഗവൺമെന്റിന്റെയും മറ്റ് ഭരണഘടനാ സ്ഥാപനങ്ങളുടെയും അധികാരങ്ങളെയും അവകാശങ്ങളെയും സംബന്ധിച്ചുള്ള സാമാന്യമായ പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ചെയർ പരാമർശം നടത്തിയത്. അതിന് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി അനുചിതമായ പരാമർശങ്ങൾ സഭയിൽ നടത്തുന്നത് സഭയുടെ അന്തസ്സിന് ചേർന്ന നടപടിയല്ലെന്ന് ഖേദപൂർവ്വം അറിയിക്കുന്നു. ഇക്കാര്യത്തിലുള്ള ചെയറിന്റെ അസന്തുഷ്ടി രേഖപ്പെടുത്തുന്നു.

(നിയമനിർമ്മാണകാര്യം)